**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1090** **27-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൃഷി ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലാപഞ്ചായത്തിലെ കൂത്താളി കൃഷി ഭവനു കീഴിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇതിൽ എത്ര ഏക്കറിൽ കൃഷി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | 40 ഹെക്ടർ ഭൂമി ഉണ്ട്. ആയതിൽ, 30 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തുവരുന്നു. |
| (ബി) | നിലവിൽ എന്തൊക്കെ കൃഷികളാണ് ഇവിടെ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, ജാതി കടച്ചക്ക, സപ്പോർട്ട്. കശുമാവ്, പേര റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, ബട്ടർഫ്രൂട്ട്, ബുഷ് ഓറഞ്ച്, ഇറ്റാലിയൻ ലമൺ, ബാങ്കോക് ചാമ്പ, വാഴ, ചാമ്പ, ചതുരപ്പുളി, കുടംപുളി, പപ്പായ, മറ്റ് ഫലവൃക്ഷങ്ങൾ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, ചേന, കപ്പ, പച്ചക്കറി കൃഷി, അലങ്കാര ചെടികൾ എന്നിവ കൃഷി ചെയ്തു വരുന്നു. |
| (സി) | ഇവിടെ എത്ര ഉദ്യോഗസ്ഥരും എത്ര സ്ഥിരം തൊഴിലാളികളും എത്ര കരാർ തൊഴിലാളികളും ഉണ്ട് എന്ന് വിശദമാക്കുമോ; | (സി) | ഉദ്യോഗസ്ഥർ - 13 സ്ഥിരം തൊഴിലാളികൾ - 66 കരാർ തൊഴിലാളികൾ - 61 |
| (ഡി) | കൃഷിഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 27.07.2020 ൽ കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നോ; പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ; | (ഡി) | 27.07.2020 ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസിലൂടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഉൾപ്പെടെ ചുവടെപ്പറയുന്ന മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. 1.കൃഷി വകുപ്പ് ഡയറക്ടർ 2.ഡയറക്ടറേറ്റിലെ മറ്റ് ബന്ധപ്പെട്ട ഓഫീസർമാർ 3.കോഴിക്കോട് പി.എ.ഒ. 4.ഫാം അധികാരികൾ |
| (ഇ) | പ്രസ്തുത യോഗത്തിൽ എന്തൊക്കെ കാര്യങ്ങൾ തീരുമാനിച്ചുവെന്നും, ആയതനുസരിച്ച് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ഇ) | യോഗതീരുമാനങ്ങൾ. 1. കാഷ്വൽ തൊഴിലാളികൾക്ക് പ്രതിമാസം നിശ്ചിത ദിനങ്ങളിൽ തൊഴിൽ ലഭ്യമാക്കണമെന്ന നിലവിലുള്ള സർക്കുലർ പ്രകാരം കൂത്താളി ഫാമിലും തൊഴിൽ ലഭ്യമാക്കേണ്ടതാണ്. 2 ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും 15 ദിവസങ്ങൾക്കകം പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ |

| | | | | |
|---|---|---|---|---|
| | | | | തലത്തിൽ സമയബന്ധിതമായി നടപടി പൂർത്തിയാക്കേണ്ടതുമാണ്. കൃഷി ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(ഫാംസ്) ടി ഫാം ഉടൻ തന്നെ സന്ദർശിക്കുകയും ഈ വിഷയത്തിലെ നടപടി റിപ്പോർട്ട് 05.08.2020-ന് ചേരുന്ന യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. 3. സംസ്ഥാനത്തെ എല്ലാ ഫാമുകളിലും നിലവിലുള്ള തരിശ് കണ്ടെത്തി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ആക്ഷൻപ്ലാൻ തയ്യാറാക്കേണ്ടതും 1 മാസത്തിനകം നടപ്പിലാക്കേണ്ടതുമാണ്. 4. ഫാമിലെ ക്ലർക്കിനെതിരെയുള്ള പരാതി പരിശോധി ച്ച് നടപടി സ്വീകരിച്ച് 29.07.2020-ന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. 27.07.2020-ൽ നടന്ന യോഗതീരുമാന പ്രകാരം കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ (ഫാംസ്) 28. 07.2020, 29.07.2020 തീയതികളിൽ ഫാം സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് യോഗം കൂടുകയും ഫാമിന്റെ വികസനത്തിനു വേണ്ടുന്ന വിവിധ മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തതിനോടൊപ്പം 5/08/2020 ന് നടത്തിയ തുടർ യോഗത്തിന്റെ തീരുമാന പ്രകാരം ചുവടെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു. 1). 10/08.2021 മുതൽ ഫാമിലെ എല്ലാ കാഷ്വൽ തൊഴിലാളികൾക്കും പ്രതിമാസം കുറഞ്ഞത് 15 ദിവസം തൊഴിൽ നൽകുവാൻ തീരുമാനിച്ചിരുന്നു. അത് പ്രകാരം നടപടികൾ എടുത്തിട്ടുണ്ട്. 2)ചിങ്ങേരി എക്സ്റ്റൻഷൻ സെന്ററിൽ സേവനമനുഷ്ഠിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ സായിറാം ഹരിദാസിനെ കൂത്താളി ഫാമിന്റെ സൂപ്രണ്ടായി നിയമിക്കുന്നതിന് തീരുമാനിച്ചു. ആയത് നടപ്പിലാക്കിയിട്ടുണ്ട്. 3) കൂത്താളി ഫാമിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്ന് ആക് ഷേപം ഉയർന്ന ക്ളാർക്ക് സ്ഥാനക്കയറ്റം ലഭിച്ച് മാറിപ്പോയിട്ടുണ്ട്. 4)ഫാമിന്റെ പരിശീലന കേന്ദ്രത്തിൽ കേരള സംസ്ഥാന അഗ്രോ മെക്കനൈസേഷൻ മിഷൻ പരിശീലനങ്ങൾ നടത്തിത്തുടങ്ങിയിട്ടുണ്ട്. 5)ഫാമിൽ തരിശായി കിടക്കുന്ന 10 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ